31

16 OCT 2017

## കേരള സർക്കാർ

### സംഗ്രഹം

ഉപഭോക്തൃകാര്യ വകുപ്പ് - ലീഗൽ മെട്രോളജി - ലീഗൽ മെട്രോളജി വകുപ്പിൽ 21 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും, അസിസ്റ്റന്റ് കൺട്രോളർ (ജനറൽ) അസിസ്റ്റന്റ് കൺട്രോളർ (ഫ്ലൈയിംഗ് സ്ക്വാഡ്) എന്നീ എസ്റ്റാബ്ലിഷ്മെന്റുകൾ ഏകോപിപ്പിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### ഉപഭോക്തൃകാര്യവകുപ്പ്

സ.ഉ.(കൈ) നം. 25/17/ഉ. കാ. വ | തീയതി, തിരുവനന്തപുരം, 16-10-2017

---

പരാമർശം :-1. 6-3-2013-ലെ ജി.ഒ(എം.എസ്)നം. 5/13/ഉകാവ നമ്പർ സർക്കാർ ഉത്തരവ്.

2. ലീഗൽ മെട്രോളജി കൺട്രോളറുടെ 02-12-2016, 07-06-2017, എന്നീ തീയതികളിലെ എ 1/8770/2016 നമ്പർ കത്തുകൾ

### ഉത്തരവ്

@ 16/10/17

ലീഗൽ മെട്രോളജി വകുപ്പിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നടത്തിയ വർക്ക് സ്റ്റഡിയുടെ അടിസ്ഥാനത്തിൽ, ലീഗൽ മെട്രോളജി വകുപ്പിൽ 95 അധിക തസ്തികകൾ സൃഷ്ടിക്കാൻ ശുപാർശ ചെയ്യുകയുണ്ടായി. എന്നാൽ 15 ടെക്നിക്കൽ തസ്തികകൾ മാത്രമേ പരാമർശം 1 ലെ ഉത്തരവ് പ്രകാരം സൃഷ്ടിച്ചിരുന്നുള്ളൂ. ആകയാൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ശുപാർശ ചെയ്ത പ്രകാരം അധിക തസ്തികകൾ സൃഷ്ടിച്ച് ലീഗൽ മെട്രോളജി വകുപ്പ് പുന:സംഘടിപ്പിക്കണമെന്നും, വകുപ്പിലെ അസിസ്റ്റന്റ് കൺട്രോളർ (ജനറൽ) അസിസ്റ്റന്റ് കൺട്രോളർ (ഫ്ലൈയിംഗ് സ്ക്വാഡ്) എന്നീ എസ്റ്റാബ്ലിഷ്മെന്റുകൾ ഏകോപിപ്പിക്കുന്നതിന് അനുമതി നൽകണമെന്നും അപേക്ഷിച്ച് ലീഗൽ മെട്രോളജി കൺട്രോളർ, പരാമർശം 2 പ്രകാരം ശുപാർശ സമർപ്പിച്ചിരുന്നു. ലീഗൽ മെട്രോളജി വകുപ്പിന്റെ താലൂക്ക്, ജില്ലാ ഓഫീസുകളിൽ 1978-ലെ അതേ സ്റ്റാഫ് പാറ്റേൺ ആണ് ഇപ്പോഴും നിലനിൽക്കുന്നതെന്നും, അത് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്നും ആകയാൽ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വകുപ്പിൽ തസ്തികകൾ സൃഷ്ടിക്കുന്നത് അത്യാവശ്യമാണെന്നും ലീഗൽ മെട്രോളജി കൺട്രോളർ അറിയിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ലീഗൽ മെട്രോളജി വകുപ്പിൽ നിലവിൽ തസ്തികകൾ അനുവദിച്ചിട്ടില്ലാത്ത ഓഫീസുകളിൽ താഴെപ്പറയും വിധം 21 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും, വകുപ്പിലെ അസിസ്റ്റന്റ് കൺട്രോളർ (ജനറൽ), അസിസ്റ്റന്റ് കൺട്രോളർ

ഫ്ലൈയിംഗ് സ്ക്വാഡ്) എന്നി എസ്റ്റാബ്ലിഷ്മെന്റുകൾ ഏകോപിപ്പിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| തസ്തിക | എണ്ണം |
|---|---|
| സീനിയർ സൂപ്രണ്ട് (കൺട്രോളർ ഓഫീസ്) | 1 |
| ജൂനിയർ സൂപ്രണ്ട് (ഡെപ്യൂട്ടി കൺട്രോളർ ഓഫീസുകൾ) | 3 |
| ഹെഡ് ക്ലാർക്ക് (കൺട്രോളർ ഓഫീസ്) | 1 |
| ക്ലാർക്ക് (ഫ്ലൈയിംഗ് സ്ക്വാഡ്) | 10 |
| ക്ലാർക്ക് (ഇന്റേണൽ ഓഡിറ്റ് വിംഗ്) | 3 |
| ക്ലാർക്ക് (ഡെപ്യൂട്ടി കൺട്രോളർ ഓഫീസുകൾ) | 3 |
| **ആകെ തസ്തികകൾ** | 21 |

ഗവർണറുടെ ഉത്തരവിൻപ്രകാരം

മിനി ആന്റണി ഐ.എ.എസ്
സ്പെഷ്യൽ സെക്രട്ടറി.

കൺട്രോളർ,ലീഗൽ മെട്രോളജി വകുപ്പ്
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ (എ & ഇ ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
പൊതുഭരണ (എസ്.സി)വകുപ്പ്.
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്
വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിന്)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Chithralekha R.L

സെക്ഷൻ ഓഫീസർ